മലയാളത്തിന്റെ 'ശ്രീ'

വള്ളത്തോൾ വാസുദേവമേനോൻ ബി. എ.



മലയാളത്തിന്റെ 'ശ്രീ'

വള്ളത്തോൾ വാസുദേവമേനോൻ ബി. എ.
(മലയാളം: തൂലികാചിത്രം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Mango flower and fruit with a purple-eyed butterfly, a painting by William Hooker; James Forbes. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

മലയാളത്തിന്റെ 'ശ്രീ'

വൈലോപ്പിള്ളി ശ്രീധരമേനോൻ

'ശ്രീ' എന്ന പേരിൽ അദ്ദേഹം എഴുതി പ്രസിദ്ധപ്പെടുത്തിയ കവിതകൾ വൈലോപ്പിള്ളി ശ്രീധരമേനോന്റെയാണെന്ന് വളരെ കഴിഞ്ഞതിനു ശേഷമായിരിക്കണം പക്ഷേ, പലരും ധരിച്ചു കാണുക. അതെന്തായാലും, പദ്യസാഹിത്യത്തിന്റെ പുതിയ തലമുറയുടെ ശ്രീ, ആ പേരിൽ ഇറങ്ങിയ ആദ്യത്തെ കവിതയോടുകൂടി, ഉദിച്ചു കഴിഞ്ഞു എന്നു മനസ്സിലാക്കുവാൻ ആർക്കും അധികം പ്രയാസമുണ്ടായിക്കാണില്ല.

ഒരു ചെറിയ 'മാമ്പഴം' സൽക്കരിച്ചുകൊണ്ടാണ്. ശ്രീധരമേനോൻ സാഹിത്യത്തിൽ രംഗപ്രവേശം ചെയ്തത്: ആ 'മാമ്പഴ'ത്തിന്റെ സ്വാദു പങ്കിടുന്നതോടുകൂടി അത്രയും ചെറുതായൊരു കവിതകൊണ്ടും, അതിനമ്പെമ്പാരിക്കല്പം മറ്റാർക്കും സമ്പാദിക്കാൻ കഴിഞ്ഞിട്ടില്ലാത്തത്ര സമൂന്നതമായ ഒരു സ്ഥാനം കവികളുടെയിടയിൽ 'ശ്രീ' നിഷ്പ്രയാസം കരസ്ഥമാക്കുകയും ചെയ്തു. അതൊരു അത്ഭുതകരമായ കവിതയായിരുന്നു, 'മാമ്പഴം!' പഴമയോ പുത്തനയോ ഏതാണ് അതിനെ ഒരു അത്ഭുതസൃഷ്ടിയാക്കി ഉയർത്തിയതെന്നു പറവാൻ, അതു പ്രസിദ്ധപ്പെടുത്തി പതിനേട്ടു കൊല്ലം കഴിഞ്ഞെങ്കിലും, ഇപ്പോഴും പ്രയാസമായിരിക്കുന്നു! ആ കാരണം കൊണ്ടു തന്നെയായിരിക്കാം പക്ഷേ, അത് ഇന്നും ഒരത്ഭുത കലാസൃഷ്ടിയായിത്തന്നെ വർത്തിക്കുന്നതും! എഴുത്തച്ഛന്റെ കവിതയിൽ സവോപരി കാണാൻ കഴിയുന്ന ആദരണീയമായ വാൾപാടവം; വള്ളത്തോൾക്കവിതകളിലെ അവർണ്ണ്യമായ ഔചിത്യദീക്ഷ;—ജിയുടെ ആദ്യകവിതകളിൽ വിശേഷിച്ചും കേൾക്കാവുന്ന ആദ്ധ്യാത്മികമായ ചിറകടിയുടെ വേദനാജനകമായ ഒരു അനരണനം;—ഇവയെല്ലാം കോർത്തിണക്കി, നാട്ടിൻപുറത്തെ വിജനമായ ഒരു മാവിൻചുവട്ടിൽ പെറുക്കാനാളില്ലാതെ കിടക്കുന്ന ഒരു മാമ്പഴത്തിലേക്കും, അതു നോക്കിനിന്ന നെടുവീർപ്പിട്ടു കേഴുന്ന ഒരമ്മയുടെ കദനനിർഭരമായ ഹൃദയഭാരത്തിലേക്കും നമ്മെ നയിക്കുന്ന ആ ചെറുകവിത, വികാരശൂന്യമായ വിധിയുടെ ക്രൂരമായ പ്രാബല്യത്തെ കാണിക്കുന്ന വിഷയത്തിൽ ലോകസാഹിത്യത്തിലെ മറ്റേതൊരു കവിതയേയും അതിശയിക്കുന്നതെങ്കിലും പറയാൻ തോന്നിപ്പോകുന്നു.

അരുമയായി വെച്ചുപിടിപ്പിച്ച മാവിൻതയ്യാണ്. വളർന്നവരേന്നേയുള്ളു. ആദ്യമായി പൂത്തതാണ്. അമ്മയുടെ കസ്യതിയായ പുത്രൻ പങ്കുല പറിച്ചു അതിനെ പൂത്തിരിയാക്കി കളിക്കുന്നു. അമ്മയ്ക്ക് അതു കണ്ടു സഹിച്ചില്ല.

> "മാങ്കനി വീഴുന്നേരമോടിച്ചെന്നെടുക്കേണ്ടോൻ
> പൂങ്കുല തല്ലുന്നതു തല്ലുകൊള്ളാഞ്ഞിട്ടല്ലേ?"

എന്നു മകനെ ശാസിക്കുന്നു. അവന്റെ മുഖം പെട്ടെന്നു മ്ലാനമായി. "മാമ്പഴം പെറുക്കുവാൻ ഞാൻ വരുന്നില്ലെ" ന്ന പറഞ്ഞു, അവൻ, 'മാൺപെഴം മലർക്കുല' മണ്ണിൽ എറിഞ്ഞു പരിഭവിച്ച് അവിടെനിന്നു പോകുന്നു. മണ്ണിൽ എറിഞ്ഞുപോയതും പൂങ്കുല മാത്രമല്ലാ, അവന്റെ ജഡമാകുന്ന പൂങ്കുലകളിയാണ് തന്നിമിത്തം മിനുചൂടിൽ തഴച്ചുവളർന്ന ഭംഗിയായി പഴുത്ത മാമ്പഴം വീണപ്പോൾ അതെടുക്കാൻ ആരും ഓടിവരുന്നില്ല. മാതാവിന്റെ പുങ്കയിൽ ക്ഷുവിട്ട് അതിന്നമൃതുതന്നെ പരലോകം പൂകിക്കഴിഞ്ഞിരുന്നു! അയൽപക്കത്തെ മാവിൻചുവട്ടിലാകട്ടെ, മാമ്പഴം പെറുക്കുന്ന വികൃതിക്കുട്ടികളുടെ ലഹളതകൃതിയായി നടക്കുകയാണ്. തന്റെ ഓമനക്കുട്ടൻ മാത്രം മാമ്പഴം പെറുക്കാനില്ലല്ലോ എന്നോർത്ത് ശോകാർത്തയായ മാതാവ് ആദ്യത്തെ മാമ്പഴം പെറുക്കിയെടുത്തു്.

> "തന്നണ്ണിക്കിടാവിന്റെ താരുടൽ
> മറചെയ്തു മണ്ണിൽത്താൻ നിക്ഷേപിച്ചു..."

ദിനദിനം കേഴുകയാണ്:

> "ഉണ്ണിക്കൈക്കെട്ടുകദാവാനുണ്ണി
> വായ്തുണ്ണാൻ വേണ്ടി
> വന്നതാണീ മാമ്പഴം വാസ്തവമറിയാതെ.
> നിരസം ഭാവിച്ചു നീ പോയതെങ്കിലും കഞ്ഞേ,
> നീയിതു നകർന്നാലേ അമ്മയ്ക്കു സുഖമാവൂ.
> പിണങ്ങിപ്പോയിടില്ലം പിന്നെ
> ഞാൻ വിളിക്കുമ്പോൾ
> കണങ്ങിക്കണങ്ങി നിയുണ്ണവാൻ വരാറില്ലേ?"

എത്ര സർവ്വസാധാരണമായ ഒരു സംഭവമാണ്! എന്നിരിക്കില്ലം എത്രതവണ വായിക്കില്ലം, വായിക്കുമ്പോഴൊക്കെ കണ്ണുനീർ പൊടിയാതെ മുഴമിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ആ സംഭവം ആവിഷ്കരിച്ചിട്ടുള്ള രീതി! അതും അകൃത്രിമവും അതിന്റെ നാടൻസ്വഭാവം അതിലധികം ഹൃദയസ്പർശിയുമാണ്!

എഴുതിയ ആൾ തനി നാടനായതുതന്നെയാവണം അതിനു കാരണം. പരിഷ്കരിച്ചരീതിയിലുള്ള വിദ്യാഭ്യാസമോ പട്ടണവാസമോ, വീക്ഷണഗതിയുടെ കാര്യത്തിൽ ഏതായാലും, 'ശ്രീ'യെ നാടനല്ലാതാക്കിത്തീർത്തിട്ടില്ല. പട്ടണത്തിലെ കായലോരത്തുള്ള ഉദ്യാനത്തിൽ അസ്തമനസൂര്യനെ നോക്കിക്കൊണ്ടു ഞങ്ങൾ പലതവണ ഒരുമിച്ചിരുന്നതു ഞാനോർക്കുന്നു. മറ്റുള്ളവർക്കു മനോഹരങ്ങളായി തോന്നാനിടയുള്ള ആ ഉദ്യാനത്തിലെ സർവവസ്തുക്കളും, എന്തിന്, അവയെ അവസാനമായി കണ്ടുകൊണ്ടിരുന്നള്ള ക്ഷമകേടു മാത്രമേ ഞാൻ നിരന്തരം ശ്രദ്ധിച്ചതായി ഓർക്കുന്നുള്ളു. ലോകതകൊണ്ടായിരിക്കാം; പ്രകാശം മുഴവൻ കിട്ടിക്കഴിഞ്ഞിട്ടില്ലാത്ത ഒരു ചെറുപങ്കിരി തു ക്ഷമകേടിനു ചുറ്റം സർവദാ ആവരണമിട്ടു നില്ലുന്നണ്ട്. ഏതോ പറയാൻ വയ്യാത്ത ഒരു വിഷാദം ആ പഠിച്ച ഗ്രാമിണന്റെ മനസ്സിനെ സദാ അലട്ടുന്നുണ്ടെന്നു തോന്നും. സാധാരണജനങ്ങളുടെ പരിഷ്കരതാശയങ്ങളോടു പൊരുത്തപ്പെടുപോകുന്ന വീക്ഷണഗതി 'ശ്രീ'യുടെപക്കൽ അധികമുണ്ടെന്നു തോന്നണം എന്നില്ല. തന്റെ കൈവശമുള്ളതും താൻ സൗന്ദര്യം കാണുന്നതുമായ വസ്തുക്കൾ അടക്കിവെച്ച പൊതി, "ഈ മനുഷ്യന്റെ മുമ്പിൽ വെച്ച കെട്ടഴിക്കണോ? അല്ലെങ്കിൽ വേണ്ടാ, ആളെ കറപ്പുകൂടി അറിയട്ടെ; എന്നിട്ടാവാം" എന്നു ദ്യോതിപ്പിക്കുന്ന, സംശയം കലർന്ന, ഒരു വിനീത മട്ടും അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ ആരെങ്കിലും സൂക്ഷിച്ചിട്ടുണ്ടോ, എന്തോ! ഒരുപക്ഷേ, 'ശ്രീ'ക്കുതന്നെ നിശ്ചയമുണ്ടാവില്ല. അതു പുറത്തുവരുന്നതും അടക്കിപ്പിടിച്ച പിന്നോട്ടു വലിക്കപ്പെടുന്നതും, മനസ്സിലാക്കാൻ പ്രയാസമേറിയ അത്ര ഒതുങ്ങിയ, വിനയത്തെ ഓർമ്മിപ്പിക്കുന്ന, ഒരു പ്രത്യേകമട്ടിലാണ്.

പക്ഷേ, ആ കെട്ട് നിങ്ങളുടെ മുമ്പിൽ വെച്ചെങ്കിലും അഴിക്കപ്പെട്ടുകയാണെങ്കിൽ അതിന്റെ ഉള്ളിൽ നിന്നു പുറത്തു വരാനിടയുള്ള കൗതുകവസ്തുക്കളുടെ ഉട്ടം, ക്രമക്കേടിൽ അവ നിരത്തിവെച്ചിട്ടുള്ളതിന്റെ ക്രമം കൊണ്ട്, നിങ്ങളെ അത്ഭുതപ്പെടുത്തുകയും ആലോചിപ്പിക്കുകയും ചെയ്യും. ലോകം ഉണ്ടായതുമുതൽ ഇന്നവരെ ഒരൊറ്റ സൗന്ദര്യരാധകനെങ്കിലും ദർശിക്കാൻ കഴിഞ്ഞിട്ടില്ലാത്ത അപശബ്ദകോലാഹലകോവിദയായ കുറത്ത കാക്ക, സ്നേഹിക്കാൻ യോഗ്യയായ നല്ല മൃത്തശ്ശിയായി വന്ന നിങ്ങളെ ആദ്യം തന്നെ ഉറക്കത്തിൽനിന്നുണർത്തുന്നു:

> "'ആരാണറങ്ങുന്ന,തേല്ല' കെന്നായ്
> കാരണവത്തിതന്നക്തിപോലെ!"

ലോകത്തിന്റെ വൃത്തികേടുകൾ നീക്കുന്നതിൻ തൽപരയായ ആ 'നിലപ്പല്ക്കള്ളി' ചെയ്യുന്ന വേലയുടെ ശ്രേഷ്ഠതനിമിത്തം, ഉപകാരസ്മരണനിറഞ്ഞ ആ ഗ്രാമിണ കവിയുടെ മനസ്സ് ആ കറുത്ത ജീവിയിൽക്കൂടി വിശുദ്ധ സൗന്ദര്യം ദർശിക്കുന്നു. അതിന്റെ കർണ്ണമ്ലുലമായ ശബ്ദ കോലാഹലത്തെപ്പോലും,

> "ലോകാഭിരാമമാണത്തിരക്കിൻ
> സ്നേഹാധികാരശകാരഘോഷം!"

എന്നു പറഞ്ഞ് അതിനോടു ദേഷ്യം തോന്നുന്നവരെക്കൂടി ലജ്ജിപ്പിച്ചു തലതാഴ്ത്തുകയും ചെയ്യുന്നു.

കാക്കയുടെ കർണ്ണമ്ലുലമായ ശബ്ദത്തിൽക്കൂടി കവിതകണ്ട ഈ നല്ല കവി കയിലിനെപ്പറ്റി പാടുമ്പോൾ, ഹാ, എന്തൊരാനന്ദമായിരിക്കും! എന്നു നാം ആലോചിച്ചു സന്തോഷിക്കാൻ ഇടങ്ങുമ്പോഴേക്കും, ദൂരെനിന്നും അതിഭയങ്കരമായ ഒരലർച്ചയുടെ ആരവം നമ്മെ സ്വീകരിക്കുകയാണ്.

> "ജനിച്ച നാട്ടുവിട്ടുകലെയാസ്സാമിൽ
> പണിക്കു പോകുന്ന"

പരിഷകളെ കയറ്റി കതിച്ചു പായുന്ന തീവണ്ടിയുടെ ഇരമ്പലാണത്. അതാ, അതു നമ്മുടെ നേർക്കു കതിച്ചു പാഞ്ഞുവരുന്നു:

> "തിരയടിക്കും താഴ്വരയും പാടവും,
> കറിയ മാവുകൾ തൊടുത്ത പാതയും,
> തിരക്കിട്ടും തെങ്ങു കവുങ്ങുകൾ പച്ചക്കറ്റവു പൂക്കുന്ന പുരയിടങ്ങളും,
> പതഞ്ഞൊഴുകുന്ന നദങ്ങളും, ജനപദങ്ങളും ഗ്രഹശതങ്ങളുമെല്ലാം
> കലങ്ങിയും ചുറ്റിക്കറങ്ങിയും വഴി
> വിലങ്ങിയും നിന്നാൽ കലുങ്ങുമോ ഞങ്ങൾ?
> കടന്നൊക്കെത്തട്ടിക്കളഞ്ഞു പായട്ടേ
> കനത്ത തീവണ്ടിയിരുമ്പിന്റെ മുഷ്ടി!"

അതിന്റെ എന്തൊരു ഭയാനകമായ വേഗത! മുമ്പിൽനിന്നു നാം ഞെട്ടി പിന്മാറുന്നു. പക്ഷേ, അതിന്റെ പിന്നാലെയുണ്ട്. ദുഷ്ടിക്ക കണ്ടതൊക്കെ തട്ടിയുടച്ചു കട്ടിച്ചോറാക്കി മദിച്ചാർത്തുവമ്പനന്നായ സഹ്യന്റെ മകൻ! ആ മദയാനയുടെ പിന്നാലെ വെളിച്ചംവീശുന്ന 'പനങ്ങൾ' വരുന്ന ക്ഷുടെ, മാർഗ്ഗദർശനംനല്കി എരിഞ്ഞു കെട്ടുപോയ ഒരു ദീപത്തെപ്പറ്റിയുള്ള സ്മൃതിഗീതം പൊഴിക്കുന്ന 'ഹരിജനങ്ങളുടെ പാട്ടുകൾ' കേൾക്കാനുണ്ട്. മനസ്സ് ഒന്നു കളിക്കാൻ തുടങ്ങുകയാണ്. പക്ഷേ, അതിനും അധികം സമയം കിട്ടുന്നതിനു മുമ്പും ഉജ്ജ്വലമായ മറ്റൊരു പന്തം വരുന്നു. ആ പന്തത്തിന്റെ തീയിൽ കത്തിജ്ജ്വലിക്കുന്ന 'കടിയൊഴിക്ക' ലിലെ ഭയാനകമായ തീജ്വലയുടെ ശബ്ദം നമ്മെ അങ്ങോട്ടാകർഷിക്കുകയും അതിന്റെ കത്തിയെരിയുന്ന വെളിച്ചത്തിൽ, 'ഓണപ്പാട്ട്'കാരെയും, 'പത്രം വില്ലന്ന' ചെറുക്കന്മാരെയും, 'വിപ്ലവകാരി'കളെയും ഇടങ്ങി നാനാതരം ജീവിതവേഷങ്ങളും സാമഗ്രികളും കണ്ടു നാം അത്ഭുതപ്പെട്ട് അന്തം വിട്ടു നിന്ന പോവുകയും ചെയ്യുന്നു.

എന്തൊരു പ്രയാണമാണത്. ആഢ്യന്മന്യതകൊണ്ട് (sophistication) മുൻകൂട്ടി ചിട്ടപ്പെടുത്തിവെയ്യപ്പെടാത്ത ഒരു തനി നാടൻപ്രതിഭയ്ക്കു മാത്രമേ, ഇങ്ങനെ ഒറ്റ നോട്ടത്തിൽ യോജിച്ചുപോകന്നില്ലെന്നു തോന്നുന്ന, അനേകം കാര്യങ്ങൾ ഒരൊറ്റ ഭാണ്ഡത്തിൽ ഒതുക്കിക്കെട്ടാൻ കഴിയൂ. പ്രത്യേകതരം വാദഗതികളും, മാനുഷികപ്രശ്നങ്ങളോടുള്ള വിക്ഷണഗതിയും പലർത്തിപ്പോന്നതു കൊണ്ടുള്ളതുകൊണ്ടു പുരോഹിതന്മാർക്ക് ഈ കെട്ടിലെ സാമഗ്രികൾ പക്ഷേ, മുഴക്കെ രുചിച്ചെന്നുവരികയില്ല. അവർക്കതു വേണ്ടപോലെ കെട്ടഴിക്കാനോ കൊണ്ടുനടക്കാനോ കഴിവില്ലാത്തതാണ കാരണം. പുരോഗതിയിലേക്കുള്ള ക്ലേശകരമായ യാത്രയിൽ, വഴിക്ക്, ആവശ്യമായി വരാനിടയുള്ള പലേ വസ്തുക്കളും സ്നേഹപൂന്തുരം അടക്കിവെച്ചിട്ടുള്ള പ്രതിഭാശാലിയും ദീർഘദർശിയുമായ ഒരു ഗ്രാമിണകവിയുടെ യാത്രാഭാണ്ഡമാണത്. അങ്ങനെ ഒരു ഗ്രാമിണൻ, തന്റെ കെട്ടുമായി, കൂടെ ഇങ്ങോട്ടെന്നു നന്നു. അദ്ദേഹം നമുക്കു വഴികാട്ടുന്നത് അനാഡംബരമായ നാട്ടിൻപുറത്തുകൂടിയാണ് മലയാളത്തിന്റെ ശ്രീയും മറ്റൊങ്ങുമല്ല. സൽക്കാര മുറിയിലെ മായികസ്വപ്നങ്ങളോ, ക്ലാസ്സമുറികളിൽ ചർച്ച ചെയ്യു ചിട്ടപ്പെടുത്തപ്പെട്ട ആശയങ്ങളുടെ പട്ടാളച്ചിട്ടയോടുകൂടിയ അണിനിരക്കലോ ആ വഴിക്ക നമ്മെ എതിരേല്ലില്ല. പക്ഷേ, ഒന്നു മുൻകൂട്ടി മനസ്സിലാക്കുന്നതു നന്ന്. ലോകത്തെ ആകമാനം ഇട്ടലട്ടുന്ന ഗൗരവമേറിയ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന അന്തരീക്ഷത്തിൽ നിന്നു വേറിട്ടും ഒറ്റപ്പെട്ടും നിന്നു ശ്വാസം കഴിക്കുന്ന നാടൻ പ്രദേശമല്ലതന്നെ അത്: ജീവൽ പ്രശ്നങ്ങളുടെ നാടകത്തിന്നു കളമൊരുക്കുന്ന പരിക്ഷണശാലകളാണ് ആ ഗ്രാമവീഥികൾ. അതിലെ നടന്മാർ അത്യഗണ്യമാക്കപ്പെട്ടിട്ടില്ലാത്ത സാധുകൃഷിക്കാരും ഉലിക്കാരുമായിരിക്കാം. പക്ഷേ, അവർ പ്രാതിനിധ്യം വഹിച്ച, അഭിനയിക്കാൻ പോകുന്ന, നാടകമാകട്ടെ, ലോകത്തെയൊട്ടുക്കിട്ട് ഇളക്കിമറിക്കാൻപോന്ന പ്രശ്നങ്ങളുൾക്കൊള്ളുന്ന ജീവിതമത്സരമാണ്! പട്ടിണിയോടും അജ്ഞതയോടും അഹങ്കാരത്തോടും എതിർത്തു് മനഷ്യത്വത്തെ മോചിപ്പിക്കവാൻ, തീർച്ചപ്പെടുത്തിയ ജീവിതമത്സരത്തിന്റെ നാടകം!

അതുകൊണ്ടാണ്, ഈ സമരത്തിന്റെ നാന്ദിയെ സൂചിപ്പിച്ചുകൊണ്ടുള്ള ഒരു കാറ്റ് പുറത്തടിച്ചുതുങ്ങിയപ്പോൾ അതിനെ സ്വാഗതം ചെയ്വാനായി നാട്ടിൻപുറത്തു സഹർഷം ഒരുങ്ങിനിന്നതു്.

പല ക്രമക്കേടുകളോടും കൂടിയാണ് ആ കാറ്റടിച്ചത് എന്ന കാര്യം അത്ര അസ്വാഭാവികമായിത്തന്നില്ല. അതിന്റെ ചട്ടമായ ഗതിവേഗത്തിൽ വ്യക്തിപ്രഭാവമില്ലാത്ത പലതും പറന്നുകളിച്ചു. ആ കാറ്റും ഉൾക്കൊണ്ടിരുന്ന രാഷ്ട്രീയമായ പൊടിപടലം പലഭാഗത്തും കാഴ്ചപ്പാടിനെ കലുഷിതമാക്കി. അതിനു കീഴടങ്ങാത്ത പലർക്കും ശ്വാസം മുട്ടി. അവർ പിന്തിരിഞ്ഞു. പക്ഷേ, അതിൽ ക്ഷമകെട്ട ഗതിവേഗത്തിൽനിന്നും ഒഴിഞ്ഞുമാറി. മറ്റു ചിലർ അതിന്റെ അലക്ഷ്യമായ പോക്കു സംശയിച്ചുകൊണ്ടു നിന്നു. 'ശ്രീ'യുടെ ബലിഷ്ഠവും സഹതാപപൂർണ്ണവുമായ പ്രതിഭ ആ വഴിക്കാണ് അങ്ങിങ്ങ് എറിയപ്പെടാൻ സമ്മതിക്കാതെ ഉറച്ചുനിന്ന് ആലോചിച്ചു പോലെ തോന്നി: "ഇതെന്തൊരു കാറ്റാണ് എവിടെ നിന്നു വരുന്നു? എന്തിനു വരുന്നു? ഇതിന്റെ ഉറവിടം എവിടെയാണ്? ചിലർ സംശയിക്കുമ്പോലെ, മറ്റു പല പ്രേരണാശക്തികളും ഒന്നിച്ചുകൂടി കൃത്രിമമായി സൃഷ്ടിച്ചു നോക്കി വിടപ്പെട്ട, സിനിമാസ്റ്റുഡിയോവിലെ കൊടുങ്കാറ്റ് പോലെയുള്ള, ഒരു കൃത്രിമ കൊടുങ്കാറ്റാണോ?" ജള്ളുവായ നാടൻ മതിപ്പും ആ കാറ്റിനെ സഹർഷം സ്വാഗതം ചെയ്യാൻ 'ശ്രീ'യെ പ്രേരിപ്പിച്ചു. എന്തൊരസഹ്യമായ വൃത്തികേടുകളാണ ചുറ്റം! എന്നും അദ്ദേഹം സ്വയം ആലോചിക്കാൻ തുടങ്ങുകയായിരുന്നു.—അപ്പോഴേക്കാണ് ആ പരിവർത്തനക്കാറ്റ് ദുഷ്ടിയിൽനിന്നു മറച്ചുവെയ്യപ്പെട്ടിട്ടുള്ള നമ്മുടെ പല വൃത്തികേടുകളേയും പോരായ്മകളേയും അനിതികളേയും, അവയടപ്പിട്ട വാതിലുകൾ ഭേദിച്ചും, വാതായനങ്ങൾ വഴിയായും, മേൽപ്പുര തട്ടി നീക്കിയും പുറത്തേക്കു വാരിവലിച്ചു പോരുകയും ചെയ്തു. "നോക്കിൻ. കലാകാരന്മാരേ, ഇതാണോ നിങ്ങൾ പുകഴ്ത്തുന്ന സംസ്കാരം? അഭിമാനിക്കുന്ന പുരോഗതി?"

തനിക്കു ചുറ്റുള്ള വൃത്തികേടുകൾ കണ്ടു ആ നാടൻ കവി ക്രുദ്ധനായി. സർവ്വശക്തികളും ഉപയോഗിച്ച് ആ പരിവർത്തനക്കാറ്റിന്റെ ഭാഗത്തുനിന്നും അദ്ദേഹം പാടി. പ്രചണ്ഡമായി അടിച്ചു ആ കാറ്റിനു ശക്തി കൂടിക്കൂടി വന്നു. ശക്തിസംഭരണം ആവശ്യവുമായിരുന്നു. പക്ഷേ, അതിൽ മാത്രം ശ്രദ്ധിച്ചിരുന്നതുകൊണ്ടോ എന്തോ കാറ്റിനും ഒരു നിർദ്ദിഷ്ടലക്ഷ്യം കൂടി വേണമെന്ന കഥ പലതും മറന്നപോലെ തോന്നി. കറച്ചകാലം ആരും അതതു ഗണ്യമായി കരുതിയില്ല. പക്ഷേ, കാറ്റു മാർഗ്ഗം തടയപ്പെട്ടു. സ്വയം വട്ടം ചുറ്റി അടിക്കാൻ തുടങ്ങി. അത് അതിനെ തളർത്തി. ചിന്താശീലരായ ചിലർ ഈ ലക്ഷ്യക്കുറവിനെപ്പറ്റി ഖേദിക്കാൻ തുടങ്ങി. പക്ഷേ, "ആരുടെ കറ്റം?" എന്നും അന്വേഷിക്കാൻ സമയവും സന്മനസ്സും ആർക്കുണ്ട്? അളുണ്ടായിരുന്നവരുടെ സ്വരം ശബ്ദായമാനമായ ആ കാറ്റിന്റെ സിൽക്കാരത്തിൽ ചെന്നു ലയിച്ചു. പുറമേ കേൾക്കാതെ പോയി. പക്ഷേ, ശ്രീയുടെ ബലിഷ്ഠമായ കണ്ഠത്തിൽ നിന്നയർന്ന ശബ്ദം പൂർവാധികം ഉച്ചത്തിൽ കേട്ടു: വൃത്തികേടുകൾ അടിച്ചുവാരിക്കൊണ്ടുപോകാൻ വന്ന കാറ്റ്, ഒരു മുനിസിപ്പാലിറ്റിലോറിപോലെ, വൃത്തികേടുകൾ സ്വയം പരത്തുന്നതിനും ഉപയോഗപ്പെടുകയെന്നോ?

'മാമ്പഴ'ത്തിൽ ഒരു വ്യക്തിയുടെ ശോകം വഴി ആവിഷ്കരിക്കപ്പെട്ട വിധിയുടെ കരിനിഴൽ, മറ്റൊരു തരത്തിൽ, മനഷ്യസമൂഹത്തിന്റെ ഭാവിയുടെമേൽ, ഇതാ ഒന്നായി വീഴാൻ വരുകയാണ്! 'ശ്രീ' നിർവ്യാജം വ്യസനിച്ചു. എത്ര അവസരോചിതമായി വന്ന കാറ്റ് പക്ഷേ, അളം സ്വയം അടിച്ചുതളരാൻ പോകയാണ്. ഈ വ്യാകലഭാവം 'ശ്രീ'യുടെ കവിതകളിൽ നിഴൽവീശാൻ തുടങ്ങി. പുരോഗമനത്തിന്റെ പൗരോഹിത്യം ഒരു കത്തകാവകാശമായി സ്വയം ഏറ്റെടുത്തു കൈകാര്യം ചെയ്യുന്ന ചിലർ ഈ വ്യാകലഭാവത്തെ 'ബുദ്ധിജീവികളുടെ പിൻതിരിപ്പൻ മനഃസ്ഥിതി'യായി വ്യാഖ്യാനിച്ചു. രാഷ്ട്രീയനേതാക്കന്മാർ അവസരോചിതം പോലെ, ജനങ്ങളുടെ ഇടയിലേക്കു വിതരണം ചെയ്യാൻ തയ്യാറാക്കുന്ന സാഹിത്യാദർശങ്ങൾ അല്ലെങ്കിൽ ആദർശമില്ലായ്മ അടങ്ങിയ പെട്ടിക്കട് 'ലേബൽ' ഒട്ടിക്കുന്ന വേല അനസരണ പൂർവം നിർവഹിക്കുന്ന ചില സാഹിത്യകാരന്മാർ ഈ വ്യാഖ്യാനത്തെ ഭംഗിയായി പിന്താങ്ങുകയും ചെയ്തു. അവർക്കതിന്നു ഉലി കിട്ടിയോ എന്തോ!

ഏതായാലും മലയാളസാഹിത്യത്തിന് ഒന്നാന്തരം 'ഉലി' കിട്ടി. 'സഹ്യന്റെ മകനെ' സൃഷ്ടിച്ച കൃശഗാത്രനായ 'ശ്രീ'യുടെ ക്ഷാത്രം ഉണർന്നു; തൽഫലമായി ഉണ്ടായ കവിതയാണ് 'കടിയൊഴിക്കൽ'. മാർഗ്ദർശികളെന്ന സ്വയം അഭിമാനിച്ച പന്തം കൈവശം വെച്ച മുൻപിൽ പാഞ്ഞുപോകുന്ന സാഹസികരേ, നിങ്ങൾ വെളിച്ചം കാണിക്കുന്നതിന്നു പകരം വഴിക്കുള്ള കടിലുകൾ തീവെച്ചു നശിപ്പിക്കുകയാണെന്നു ചെയ്യുന്നതെന്നും അല്പം രോഷാകലനായിത്തന്നെ കവി 'കടിയൊഴിക്ക'ിൽ വിളിച്ചു പറഞ്ഞു. ചുട്ടു ചാമ്പലാകുന്ന കടിലുകളുടെ വെളിച്ചത്തിന്ന് പന്തത്തിന്റെ വെളിച്ചത്തേക്കാൾ പതിന്മടങ്ങു ശോഭയുണ്ട്; ജനങ്ങളെ ആകർഷിക്കാനും കഴിയും. പക്ഷേ, അതു കത്തിയെരിഞ്ഞതിനു ശേഷം?... ആ പ്രദേശം മനഷ്യവാസത്തിന്നു പറ്റിയതാകമോ?

'കടിയൊഴിക്ക'ിലെ ഇതിവൃത്തം ഇതാണ്: വർഗ്ഗമത്സരത്തിന്റെ ഭാഗത്തോ, അതിനെതിരായോ, എഴുതിയ ഒരു കവിതയല്ല അത്. വർഗ്ഗമത്സരമാകന്ന വെളിച്ചം കൈവശം വെച്ച്, അതിൽ അഹങ്കരിച്ചു മുന്നോട്ടു പോകന്നവരോടുള്ള, അവസരോചിതമായ ഒരു താക്കീതാണ്. ആ താക്കീതിൽ വരിഞ്ഞ് അതിന്നു പ്രാധാന്യവും പ്രസക്തിയുമില്ല. കവി ഒരു അർദ്ധസത്യം എടുത്തുകാട്ടി, മനഃപൂർവമോ അല്ലാതെയോ, ജന്മികളുടെയും മുതലാളികളുടെയും ചേരിയിൽ ചേർന്നിരിക്കുന്ന എന്നെ പറയാൻ ശ്രമിക്കുന്നതു ബാലിശമാണ്. "ഈ കാണുന്ന രണ്ടു സാക്ഷികൾ നീ കളവുചെയ്യുന്നതു കണ്ടു. അതുകൊണ്ടു നീ ശിക്ഷാർഹനാണ്" എന്നെ പറയുന്ന ന്യായാധിപനോട്; "യജമാനേ, രണ്ടുപേർ കണ്ട കാരണത്താലാണ് എന്നെ ശിക്ഷിക്കുന്നതെങ്കിൽ, ഞാൻ കക്കുന്നതു കാണാത്ത ആയിരം പേരെ സാക്ഷികളായി കൊണ്ടുവരാം" എന്ന പറയുന്ന സമർത്ഥനായ കള്ളന്റെ യുക്തിവാദത്തിലുള്ള ന്യായബുദ്ധിയേക്കാൾ കവിഞ്ഞ ഗൗരവം ആരോപണത്തിന്നു കൊടുക്കേണ്ടതില്ല. "ഒരു തൊഴിലാളി അങ്ങനെ ചെയ്തു. ശരി. പക്ഷേ, അങ്ങനെ ചെയ്യാത്ത അനേകായിരം തൊഴിലാളികളെ കാട്ടിത്തരാം" എന്നു പറയുന്നതു യുക്തിവൈരുദ്ധ്യത്തിന്നു പുറമെ, ആകവിയായിൽ അനാവശ്യമായ ഒരു സ്ഥാനത്തു ശ്രദ്ധ കേന്ദ്രീകരിപ്പിക്കാൻ ഉത്സാഹിക്കുകയുമാണ്. മനഷ്യത്വത്തിന്റെ പേരിൽ എഴുതിയ ഒരു കവിതയാണ് 'കടിയൊഴിക്കൽ.' മനഷ്യത്വം ഒരു സാമൂഹ്യസത്യമല്ലെന്ന കരുതുന്നവരങ്ങളിൽ അവർക്കു 'കടിയൊഴിക്കലി'ലെ രക്തപ്രളയത്തിലുള്ള സ്ഥാനം പക്ഷേ, ഗുണം ചെയ്യുക്കേം.

ഇങ്ങനെ എഴുതേണ്ട ആവശ്യം തന്നെ പക്ഷേ, ഇല്ലായിരുന്നു. കാരണം, വൈലോപ്പിള്ളിയുടെ കവിതകൾ ആസ്വദിക്കാൻ അദ്ദേഹത്തിന്റെ മാനസികവ്യാപാരങ്ങളോ വർഗ്ഗമത്സരത്തിന്റെ പിന്നിലുള്ള തത്ത്വശാസ്ത്രമോ വിശകലനം ചെയ്തു പഠിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അതിൽ മാത്രം ശ്രദ്ധിച്ചിരുന്നതുകൊണ്ടോ എന്തോ കാറ്റിനും ഒരു നിർദ്ദിഷ്ടലക്ഷ്യം കൂടി വേണമെന്ന കഥ പലതും മറന്നപോലെ തോന്നി. കറച്ചകാലം ആരും അതതു ഗണ്യമായി കരുതിയില്ല. പക്ഷേ, കാറ്റു മാർഗ്ഗം തടയപ്പെട്ടു. സ്വയം വട്ടം ചുറ്റി അടിക്കാൻ തുടങ്ങി. അത് അതിനെ തളർത്തി. ചിന്താശീലരായ ചിലർ ഈ ലക്ഷ്യക്കുറവിനെപ്പറ്റി ഖേദിക്കാൻ തുടങ്ങി. പക്ഷേ, "ആരുടെ കറ്റം?" എന്നും അന്വേഷിക്കാൻ സമയവും സന്മനസ്സും ആർക്കുണ്ട്? അളുണ്ടായിരുന്നവരുടെ സ്വരം ശബ്ദായമാനമായ ആ കാറ്റിന്റെ സിൽക്കാരത്തിൽ ചെന്നു ലയിച്ചു. പുറമേ കേൾക്കാതെ പോയി. പക്ഷേ, ശ്രീയുടെ ബലിഷ്ഠമായ കണ്ഠത്തിൽ നിന്നയർന്ന ശബ്ദം പൂർവാധികം ഉച്ചത്തിൽ കേട്ടു: വൃത്തികേടുകൾ അടിച്ചുവാരിക്കൊണ്ടുപോകാൻ വന്ന കാറ്റ്, ഒരു മുനിസിപ്പാലിറ്റിലോറിപോലെ, വൃത്തികേടുകൾ സ്വയം പരത്തുന്നതിനും ഉപയോഗപ്പെടുകയെന്നോ?

'മാമ്പഴ'ത്തിൽ ഒരു വ്യക്തിയുടെ ശോകം വഴി ആവിഷ്കരിക്കപ്പെട്ട വിധിയുടെ കരിനിഴൽ, മറ്റൊരു തരത്തിൽ

വള്ളത്തോൾ വാസുദേവമേനോൻ ബി. എ.



കുറ്റിപ്പുറത്ത് കേശവൻ നായരുടെയും വള്ളത്തോൾ അമ്മാളുക്കുട്ടി അമ്മയുടെയും മകനായി 1916-ൽ ജനിച്ചു. 1968-ൽ ഒരു കാറപകടത്തിൽ മരിച്ചു. മലയാളത്തിൽ വളരെയധികം എഴുതീട്ടില്ലെങ്കിലും ശ്രദ്ധിക്കപ്പെട്ട എഴുത്തുകാരനായിരുന്നു വി വി. കേസരി ബാലകൃഷ്ണപിള്ള ഇദ്ദേഹത്തിന്റെ കാളവണ്ടി എന്ന കഥയെപ്പറ്റി ഒരു വിമർശനം എഴുതീട്ടുണ്ട്.

കൃതികൾ

- കാളവണ്ടി
- മാരാരും കൂട്ടരും
- രംഗമണ്ഡപം
- എവറസ്റ്റാരോഹണം
- ഇന്നത്തെ റഷ്യ
- സന്ധ്യ
- Quest—(ജി. ശങ്കരക്കുറുപ്പിന്റെ ഓടക്കുഴൽ എന്ന സമാഹാരത്തിന്റെ ഇംഗ്ലീഷ് പരിഭാഷ)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>